"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018-2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 961.264 കോടി രൂപ അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

G.O.(Rt)No.2983/2020/RD തീയതി,തിരുവനന്തപുരം, 30/09/2020

പരാമർശം:- 1 09.01.2020ലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ

2 04.05.2020ലെ സ.ഉ ( സാധാ) നം.1683/2020/ റവ

3 28.05.20 തിയതിയിലെ LSGD-FM1/111/2020-LSGD ഫയലിലെ കുറിപ്പ്

**ഉത്തരവ്**

2018-2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. തുടർന്ന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് ( Chief Minister 's Local Roads Rebuild Project ) 961.264 കോടി രൂപ ( തൊള്ളായിരത്തി അറുപത്തിയൊന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) പൂർത്തീകരിച്ച പ്രവൃത്തികളുടെ പ്രപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും ആയതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും പരാമർശം (2) പ്രകാരം ഉത്തരവായി . എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ വർക്ക് ബില്ലുകൾ മാറി നൽകുന്നതിന് വളരെ അധികം കാലതാമസം ഉണ്ടാക്കുമെന്നും ആയതിനാൽ ടി നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

മേൽ വിഷയം സർക്കാർ പരിശോധിച്ചു . പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ക്രമനമ്പർ 1,2 എന്നീ മാർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമങ്ങളിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് തുക അനുവദിയ്ക്കുന്ന രീതി സ്വീകരിക്കാവുന്നതാണെന്നും അതിനനുസൃതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് റോഡ് പുനരുദ്ധാരണത്തിനായി തുക അനുവദിയ്ക്കുന്നതാണെന്നും ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ സർക്കാർ ഉത്തരവിലെ മറ്റ് എല്ലാ വ്യവസ്ഥകളും അതേപടി

നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. VISHWAS MEHTA
CHIEF SECRETARY

ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ , ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്,മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറി സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്(LSGD-FM1/111/2020-LSGD ഫയലിലേയ്ക്ക്)

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ